# THE KERALA PANCHAYAT RAJ (THIRD AMENDMENT) ACT, 2005
## (ACT 31 OF 2005)

CONTENTS

*Preamble*

*Sections:*

1. Short title and commencement
2. Amendment of section 1
3. Amendment of section 3
4. Amendment of section 35
5. Amendment of section 72
6. Insertion of new section after section 74
7. Amendment of section 152
8. Amendment of section 153
9. Amendment of section 161
10. Amendment of section 162A
11. Amendment of section 204
12. Amendment of section 206
13. Amendment of section 212
14. Amendment of section 254
15. Validation.

LIBRARY ARCHIVES Kerala Legislative Assembly

# 2005-ലെ 31-ാം ആക്റ്റ്
# 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ് *

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ആറാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി ആക്റ്റ്) എന്ന് പേർ പറയാം.

(2) ഈ ആക്റ്റിലെ 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് 1999 മാർച്ച് 24-ാം തീയതിയും (2)-ാം ഉപവകുപ്പ് 2001 ജനുവരി മാസം 1-ാം തീയതിയും 5, 6, 14 എന്നീ വകുപ്പുകൾ 2000 സെപ്റ്റംബർ മാസം 1-ാം തീയതിയും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 1-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 1-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ ആക്റ്റിലെ XXV ബി, XXV സി എന്നീ അദ്ധ്യായങ്ങളിലെ വ്യവസ്ഥകൾക്ക് കേരള സംസ്ഥാനത്തെ നഗരപഞ്ചായത്തുകളുടെയും മുനിസിപ്പൽ കൗൺസിലുകളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും അതിർത്തിക്കുള്ളിലെ പ്രദേശങ്ങളിൽ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്."

(2) (3)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ "2001 ജനുവരി മാസം 1-ാം തീയതി" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2006 ജനുവരി മാസം 1-ാം തീയതി" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

---

* Received the assent of the Governor on the 23rd August 2005 and published in the Kerala Gazette Extraordinary No. 1942 dated 24-8-2005.

LIBRARY ARCHIVES Kerala Legislative Assembly

3. 3-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ,—

(1) "ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന സ്ഥലത്ത് യോഗം ചേരേണ്ടതും" എന്ന വാക്കുകൾക്കുപകരം "ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതും, യോഗം ചേരുന്ന വിവരം ഒരു പൊതുനോട്ടീസ് മുഖേന ഗ്രാമസഭയുടെ കൺവീനർ ഗ്രാമസഭാംഗങ്ങളെ അറിയിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) "ഗ്രാമപഞ്ചായത്തിന്റെ കൺവീനർ" എന്ന വാക്കുകൾക്കു പകരം "ഗ്രാമസഭയുടെ കൺവീനർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 35-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിലെ 35-ാം വകുപ്പിൽ,—

(1) (എഫ്) ഖണ്ഡത്തിൽ "അവകാശബന്ധം ആർജ്ജിക്കുകയോ" എന്ന വാക്കുകൾക്കുശേഷം താഴെ പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്:—

"പഞ്ചായത്തിന്റെ പദ്ധതിയോ പണിയോ നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ എന്ന നിലയിൽ ആ പഞ്ചായത്തുമായി കരാറിലോ പണിയിലോ ഏർപ്പെട്ടിരിക്കുകയോ.";

(2) നിലവിലുള്ള (ജി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) സർക്കാരിനുവേണ്ടിയോ ബന്ധപ്പെട്ട പഞ്ചായത്തിനുവേണ്ടിയോ പ്രതിഫലം പറ്റുന്ന അഭിഭാഷകനായി ജോലിയിൽ ഏർപ്പെട്ടിരിക്കുകയോ ആ പഞ്ചായത്തിനെതിരായി അഭിഭാഷകനായി ജോലി സ്വീകരിച്ചിരിക്കുകയോ; അഥവാ";

(3) (ക്യൂ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) 153-ാം വകുപ്പ് (13എ) ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാനമേറ്റെടുക്കുന്നതിൽ വീഴ്ച വരുത്തുകയോ,"

5. 72-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 72-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഎ) വോട്ട് രേഖപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ വോട്ടിംഗ് യന്ത്രത്തിന് ഏതെങ്കിലും സാങ്കേതിക തകരാറുകൾ സംഭവിക്കുമ്പോഴോ, അല്ലെങ്കിൽ,";

(2) (2)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ "പിശകോ ക്രമക്കേടോ" എന്ന വാക്കുകൾക്കുശേഷം "വോട്ടിംഗ് യന്ത്രത്തിന് സംഭവിച്ച സാങ്കേതിക തകരാറുകളോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 74-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.— പ്രധാന ആക്റ്റിലെ 74-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

LIBRARY ARCHIVES Kerala Legislative Assembly

"74 എ. തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കൽ.— ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഓരോ പ്രദേശങ്ങളിലെയും സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന ഏതൊരു തെരെഞ്ഞെടുപ്പിലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ട് നൽകുകയും വോട്ട് രേഖപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായം സ്വീകരിക്കാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ഉദ്ദേശത്തിനായി "വോട്ടിംഗ് യന്ത്രം" എന്നാൽ വോട്ടുകൾ നൽകുന്നതിനോ രേഖപ്പെടുത്തുന്നതിനോവേണ്ടി ഉപയോഗിക്കുന്ന ഏതൊരു ഇലക്ട്രോണിക് യന്ത്രമോ മറ്റേതെങ്കിലും യന്ത്രമോ എന്നർത്ഥമാകുന്നതും ഈ ആക്റ്റിൽ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിൽ ബാലറ്റ്പെട്ടി അല്ലെങ്കിൽ ബാലറ്റ് പേപ്പർ എന്ന ഏതൊരു പരാമർശവും, മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്നിടങ്ങളിലൊഴികെ, ഒരു വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്ന ഏതൊരു തെരഞ്ഞെടുപ്പിലും അങ്ങനെയുള്ള വോട്ടിംഗ് യന്ത്രത്തെക്കുറിച്ചുള്ള പരാമർശവും ഉൾപ്പെടുന്നതായി വ്യാഖ്യാനിക്കപ്പെടേണ്ടതുമാണ്.".

7. 152-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 152-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ "സർക്കാരിന്" എന്ന വാക്കിന് പകരം "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. 153-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിലെ 153-ാം വകുപ്പ് (13)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(13എ) ഏത് തലത്തിലുമുള്ള ഒരു പഞ്ചായത്തിലെ പ്രസിഡന്റ് അഥവാ വൈസ് പ്രസിഡന്റ് ആയി തെരെഞ്ഞെടുക്കപ്പെട്ട ആൾ താൻ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം മതിയായ കാരണങ്ങളാലല്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്തപക്ഷം അയാൾ, അതത് സംഗതിപോലെ, തന്റെ പ്രസിഡന്റ് അഥവാ വൈസ് പ്രസിഡന്റ് സ്ഥാനം സ്വമേധയായി ഒഴിഞ്ഞതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് പ്രഖ്യാപിക്കാവുന്നതാണ്.

9. 161-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിലെ 161-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ ഒരു "കാസ്റ്റിംഗ് വോട്ട് " എന്ന വാക്കുകൾക്കുശേഷം "കൂടി " എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. 162 എ വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്ടിലെ 612എ വകുപ്പിൽ (1)-ാം ഉപവകുപ്പിൽ,—

(1) (എ) ഖണ്ഡത്തിലെ (iii)-ാം ഉപഖണ്ഡത്തിൽ "ശുദ്ധജലവിതരണം" എന്ന വാക്കിനു പകരം "ശുദ്ധജലവിതരണം (കുടിവെള്ളം)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

(2) (സി) ഖണ്ഡത്തിൽ,—

(എ) (ii) -ാം ഉപഖണ്ഡത്തിൽ "ചെറുകിട വ്യവസായം" എന്ന വാക്കുകൾക്കുശേഷം "വൈദ്യുതി" എന്ന വാക്ക് കൂട്ടിച്ചേർക്കേണ്ടതാണ്.

(ബി) (v)-ാം ഉപഖണ്ഡത്തിൽ "പട്ടികജാതി-പട്ടികവർഗ്ഗ വികസനം" എന്ന വാക്കുകൾക്കുശേഷം "ദാരിദ്ര്യനിർമ്മാർജ്ജനം" എന്ന വാക്ക് കൂട്ടി ചേർക്കേണ്ടതാണ്.

11. 204-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 204-ാം വകുപ്പ് (3)-ാം ഉപവകുപ്പിന് താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യത്തിന് "ആകെ വരുമാനം" എന്നതിൽ വീട്ടുവാടക അലവൻസോ സിറ്റി കോമ്പൻസേറ്ററി അലവൻസോ യാത്രാസൗകര്യ അലവൻസോ യാത്രാ അലവൻസോ ഉൾപ്പെടുന്നതല്ല.

12. 206-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 205-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ (iv)-ാം ഇനത്തിനുശേഷം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "(iv) (എ) സ്ഥാവര വസ്തുവിന്റെ കീഴ്പാട്ടം അല്ലാതെയുള്ള മറ്റ് പാട്ടച്ചാർത്തിന്റെ കൈമാറ്റം | കൈമാറ്റത്തിനുള്ള പ്രതിഫല സംഖ്യയ്ക്ക് തുല്യമായ പ്രതിഫലത്തിനായുള്ള (1959-ലെ കേരളമുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ അതത് സംഗതിപോലെ, ക്രമനമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്ര വിലതന്നെ" |

13. 212-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടിലെ 212-ാം വകുപ്പിൽ (6)-ാം ഉപവകുപ്പിൽ താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

എന്നാൽ, ഏതെങ്കിലും പ്രത്യേക ആവശ്യത്തിനോ പദ്ധതിക്കോ വേണ്ടിയുള്ള ഫണ്ട് ദേശസാൽകൃത ബാങ്കിലോ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സഹകരണ ബാങ്കിലോ നിക്ഷേപിക്കണമെന്ന് സർക്കാരോ കേന്ദ്രസർക്കാരോ പ്രത്യേകം നിഷ്ക്കർഷിക്കുകയോ അപ്രകാരം ചെയ്യുവാൻ പ്രത്യേകം അനുമതി നൽകുകയോ ചെയ്യുന്നപക്ഷം പ്രസ്തുത ഫണ്ട് അങ്ങനെയുള്ള ബാങ്കുകളിൽ നിക്ഷേപിക്കാവുന്നതാണ്."

14. 254-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 254-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ (liii)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

(liiiഎ) വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ടുകൾ നൽകേണ്ടതും രേഖപ്പെടുത്തേണ്ടതുമായ രീതികൾ സംബന്ധിച്ചും, അങ്ങനെയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്ന പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പ് നടത്തേണ്ടതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചും;."

15. സാധൂകരിക്കൽ.—(1) 2001-ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിന്റെ (2001-ലെ 20) പ്രാബല്യം ഇല്ലാതായി തീർന്നിരുന്നാൽതന്നെയും,—

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 72, 74, 254 എന്നീ വകുപ്പുകൾ പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായി ത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതൊരു കാര്യവും എടുത്ത ഏതൊരു നടപടിയും പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്യാമായിരുന്നു അഥവാ എടുക്കാമായിരുന്നു എങ്കിൽ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(2) പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായിത്തീർന്നത്,—

(എ) അതുപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ വഹിച്ചതോ ആയ ഏതെങ്കിലും അവകാശത്തേയോ, പ്രത്യേകാവകാശത്തേയോ കടപ്പാടിനേയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ, അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ പ്രത്യേകാ വകാശത്തെയോ, കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച് ഏതെങ്കിലും നിയമനടപടികളെയോ പരിഹാരത്തെയോ ബാധിക്കുന്നതല്ലാത്തതും അപ്രകാരമുള്ള നിയമ നടപടികളോ പരിഹാരമോ ഈ ആക്റ്റ്മൂലം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകളിൻകീഴിൽ നടത്തുകയോ തുടരുകയോ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the "2005 ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 31 OF 2005

## THE KERALA PANCHAYAT RAJ (THIRD AMENDMENT) ACT, 2005

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 (Act 13 of 1994), for the purposes hereinafter appearing;

BE enacted in the fifty-sixth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Third Amendment) Act, 2005.

(2) Sub-section (1) of section 2 of this Act shall be deemed to have come into force on 24th March, 1999 and sub-section (2) thereof shall be deemed to have come into force on the first day of January, 2001, sections 5, 6 and 14 shall be deemed to have come into force on the first day of September, 2000 and the remaining sections shall come into force at once.

2. *Amendment of Section 1.*—In the Kerala Panchayat Raj Act (Act 13 of 1994) (hereinafter referred to as the principal Act), in section 1,—

(1) in sub-section (2), the following proviso shall be inserted, namely:—

"Provided that the provisions in Chapters XXV B, XXV C of this Act shall extend to the areas within the limits of Town Panchayats, Municipal Councils and Municipal Corporations in the State of Kerala.".

(2) In the proviso to sub-section (3), for the words and figures "1st day of January, 2001", the words and figures "1st day of January, 2006" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

3. *Amendment of section 3.*—In sub-section (3) of section 3 of the principal Act,—

(1) for the words "shall meet at the place fixed by the Village Panchayat" the words "shall meet at the place, date and time, fixed by the Convener of Grama Sabha in consultation with the President of the Village Panchayat and the Convener of the Grama Sabha shall intimate the details of the meeting to the Grama Sabha members by a public notice" shall be substituted;

(2). for the words "Convener of the Village Panchayat", the words "Convener of Grama Sabha" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

4. *Amendment of section 35.*—In section 35 of the principal Act,—

(1) in clause (f), after the words "or except as permitted by rules made under this Act", the following words shall be added, namely:—

"or enters into the contract or work with the Panchayat as a Convener of the beneficiary committee which undertake the project or work of that Panchayat;";

(2) for the existing clause (g), the following clause shall be substituted, namely:—

"(g) is employed as paid legal practitioner on behalf of the Government or the Panchayat concerned or accepts employment as a legal practitioner against the Panchayat; or";

(3) after clause (q) the following clause shall be added, namely:—

"(r) failed to enter upon office within the time limit specified in sub-section (13a) of section 153".

5. *Amendment of section 72.*—In section 72 of the principal Act,—

(1) in sub-section (1), after clause (a), the following clause shall be inserted, namely:—

"(aa) voting machine develops any mechanical failure during the course of recording votes; or"

(2) in clause (b) of sub-section (2) after the words "the error or irregularity in procedure", the words "or the mechanical failure developed in the voting machine" shall be inserted.

6. *Insertion of new section after section 74.*—After section 74 of the principal Act, the following section shall be added, namely:—

"74A. *Using voting machine in elections.*—Notwithstanding anything contained in this Act or the rules made thereunder, the system of giving and recording of votes by voting machine, in such manner as may be prescribed, may be adopted in any election as the State Election Commission may fixed having regard to the circumstance of each locality.

*Explanation.*—For the purpose of this section "voting machine" means any electronic machine or any other machine used for giving or recording of votes and it shall also be construed that any reference as to ballot box or ballot paper in this Act or rules made thereunder save as otherwise provided, shall include the reference to a voting machine which is being used in any election".

7. *Amendment of section 152.*—In sub-section (5) of section 152 of the principal Act, for the word "Government", the words "State Election Commission", shall be substituted.

8. *Amendment of section 153.*—After sub-section (13) of section 153 of the principal Act, the following sub-section shall be added, namely:—

"(13a) The State Election Commission may declare the office of the President or Vice-President, as the case may be, as vacated on his own motion where the person has not entered upon his office without sufficient cause by taking oath or affirmation within a period of fifteen days from the date he was declared as elected as President or Vice-President of a Panchayat of any level.".

9. *Amendment of section 161.*—In sub-section (6) of section 161 of the principal Act, after the words "a casting vote", the word "also" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

10. *Amendment of section 162A.*—In sub-section (1) of section 162A of the principal Act,—

(1) In sub-clause (iii) of clause (a) for the words "water supply", the words "water supply (drinking water)" shall be inserted;

(2) In clause (c),—

(a) In sub-clause (ii), after the words "small scale industry"; the word "electricity" shall be added;

(b) In sub-clause (v), after the words "development of scheduled caste-scheduled tribe", the words "eradication of poverty" shall be added.

LIBRARY ARCHIVES Kerala Legislative Assembly

11. *Amendment of section 204.*—In sub-section (3) of section 204 of the principal Act, the following *Explanation* shall be added, namely:—

"*Explanation:*—For the purpose of this section 'aggregate income' shall not include House Rent Allowance, City Compensatory Allowance, Conveyance Allowance or Travelling allowance.".

12. *Amendment of section 206.*—In clause (b) of sub-section (1) of section 206 of the principal Act, after item (iv), the following item shall be inserted, namely:—

| | |
|---|---|
| "(aa) Transfer of assignment on lease other than sub-lease of immovable property | The same stamp duty on sale deed (item 21 or 22, as the case may be, of the schedule to the Kerala Stamp Act, 1959) for consideration equal to the value of transfer." |

13. *Amendment of section 212.*—In sub-section (6) of section 212 of the principal Act, the following proviso shall be inserted, namely:—

"Provided that if the Government or the Central Government specifically insist to deposit the fund in Nationalised Bank or in any of the Co-operative Banks registered under the Kerala Co-operative Societies Act, 1969, or have given special permission to do so, the said fund may be deposited in such banks".

14. *Amendment of section 254.*—In section 254 of the principal Act, after clause (liii) of sub-section (2), the following clause shall be inserted, namely:—

"(liiia) the manner of giving and recording of votes by using voting machine and the procedure for voting to be followed in polling stations where such voting machines are used.".

15. *Validation.*—(1) Notwithstanding the cessation of operation of the Kerala Local Self Government Institution Laws (Amendment) Ordinance, 2001 (20 of 2001),—

(a) anything done or deemed to have been done or any action taken or deemed to have been taken under section 72, 74 and 254 of the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act;

(b) anything done or any action taken after the cessation of operation of the said Ordinance and before the publication of this Act in the Gazette, which could have been done or taken under the principal Act as amended by the said Ordinance had it not been ceased to operate, shall be deemed to have been done or taken under the principal Act as amended by this Act.

(2) The cessation of effect of the said Ordinance shall not,—

(a) affect any right, privilege, obligation or liability acquired, accrued or incurred thereunder; or

(b) affect any legal proceedings or remedy in respect of any such right, privilege, obligation or liability and any such legal proceedings or remedy may be instituted, continued or enforced under the provisions of the principal Act as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly